"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - 2024-25 അധ്യയന വർഷ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് പ്രവേശനം - W.P (C) No. 38991/2024, W.P (C) No. 32104/2024, W.P (C) No. 33927/2024 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 18.11.2024 തീയതിയിലെ ഇടക്കാലവിധി പാലിച്ചുകൊണ്ട് പത്തനംതിട്ട ശ്രീ അയ്യപ്പ നേഴ്സിംഗ് കോളേജിൽ 2024-25 അധ്യയന വർഷത്തേക്ക് ബി.എസ്.സി നേഴ്സിംഗ് കോഴ്സിന് വിദ്യാർത്ഥി പ്രവേശനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.355/2024/H&FWD തീയതി,തിരുവനന്തപുരം, 23-11-2024

---

പരാമർശം:-

1. സ.ഉ (കൈ) നം. 210/2024/ആ.കു.വ തീയതി 29.08.2024.
2. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 13.09.2024 തീയതിയിലെ G2. 77587/24/NC നമ്പർ ഉത്തരവ്.
3. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 25.10.2024 തീയതിയിലെ UO No.1136/2024/academic/KUHS നമ്പർ പ്രൊവിഷണൽ അഫിലിയേഷൻ.
4. പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ 26.10.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ
5. പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ 28.10.2024 തീയതിയിൽ സമർപ്പിച്ച LoP അപേക്ഷ.
6. 18.11.2024 തീയതിയിൽ ബഹു.കേരള ഹൈക്കോടതി WP(C) No. 38991/2024, W.P (C) No. 32104/2024, W.P (C) No. 33927/2024 കേസുകളിലായി പുറപ്പെടുവിച്ച ഇടക്കാല വിധി.

**ഉത്തരവ്**

പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ 45 സീറ്റോടെ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പഠന വിഷയമായി പത്തനംതിട്ടയിൽ ശ്രീ അയ്യപ്പ നേഴ്സിംഗ് കോളേജ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം പരാമർശം (1) പ്രകാരം നൽകിയിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ 45 സീറ്റുകൾക്ക് അംഗീകാരം നൽകി. പരാമർശം (3) പ്രകാരം 45 സീറ്റുകൾക്ക് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല പ്രൊവിഷണൽ അഫിലിയേഷൻ നൽകി.

2. 17.02.2012 തീയതിയിലെ സ.ഉ (പി) നം. 64/2012/ആ.കു.വ പ്രകാരം ലെറ്റർ ഓഫ് പെർമിഷൻ ലഭ്യമാക്കണമെന്നപേക്ഷിച്ചുകൊണ്ട് ഓഥർ ട്രസ്റ്റി, പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് അപേക്ഷ സമർപ്പിച്ചിരുന്നു. അതോടൊപ്പം ടിയാൻ ബഹു.ഹൈക്കോടതി മുമ്പാകെ W.P (C) No. 38991/2024 നമ്പരായി കേസ് ഫയൽ ചെയ്തു. സമാന സാഹചര്യത്തിൽ ഫയൽ ചെയ്യപ്പെട്ട W.P (C) No. 32104/2024, W.P (C) No. 33927/2024 കേസുകളിൽ ബഹു. കോടതി പുറപ്പെടുവിച്ച ആദ്യ ഇടക്കാലവിധികളുടെ അടിസ്ഥാനത്തിൽ ടി കേസുകളിൽ ഉൾപ്പെട്ട കോളേജുകൾക്ക് ഈ വർഷം തന്നെ എൽ.ബി.എസ് മുഖാന്തിരം മുഴുവൻ സീറ്റുകളിലേക്കും അഡ്മിഷൻ നടത്താൻ യഥാക്രമം സ.ഉ (കൈ) നം. 348/2024/ആ.കു.വ തീയതി 20.11.2024, സ.ഉ (കൈ) നം. 346/2024/ആ.കു.വ തീയതി 19.11.2024 ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

3. W.P (C) No. 32104/2024 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 25.09.2024 തീയതിയിലെ ഇടക്കാല വിധിയിൽ ബഹു. കോടതി ചുവടെ പറയും പ്രകാരം നിരീക്ഷിച്ചിരുന്നു.

*'Of course it is true that in Exhibit P13, the University has taken a stand that, the time fixed to submit the application for affiliation is already over. However, it is an undisputed fact that, as far as the B.Sc. Nursing course is concerned, it is a much sought after course in the State and the seats now available are not sufficient to address the demand from the students. Now the Government has already issued NOC to the petitioner institution considering the said situation. The KNMC, has already issued Ext.P8 sanction, after being satisfied about the infrastructure and other facilities provided by the petitioner. It is also to be noted that, Exhibit P8 sanction is granted specifically for the academic year 2024-2025'.*

*'In such circumstances, taking note of the fact that the competent authority, namely KNMC, has already granted sanction taking note of the facilities of the petitioner, to start the college from 2024-2025, the denial of the said opportunity to start the course for the present academic year is not proper. This is particularly because of the high demand for the course in the State'.*

4. പരാമർശം (6) പ്രകാരമുള്ള ഇടക്കാല വിധിയിൽബഹു. ഹൈക്കോടതി ചുവടെപ്പറയും പ്രകാരം നിരീക്ഷിച്ചു.

*'In the light of the above, I am of the view that, an interim order can be passed directing the respondents to ensure that the petitioner Institutions are included in the centralized allotment process for B.Sc. Nursing which is now in progress and the last date of which is fixed on 30.11.2024. Accordingly, it is ordered that necessary orders shall be issued by the State Government directing the LBS Centre for Science and Technology to include them in the allotment process for B.Sc. Nursing and allot students to them. While passing this order, I have taken note of the fact that, NOCs and recognition were granted for commencing B.Sc. Nursing course for the academic year 2024-2025. Necessary orders shall be passed immediately so as to ensure that the admission process to these*

*Institutions are completed within the cut off date fixed by this Court'.*

5. W.P (C) No. 38991/2024 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 18.11.2024 തീയതിയിലെ ഇടക്കാലവിധി അടിസ്ഥാനപ്പെടുത്തി ശ്രീ അയ്യപ്പ നഴ്സിംഗ് കോളേജിന് 2024-25 അധ്യയന വർഷത്തിൽ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനാനുമതി ആവശ്യപ്പെട്ട് പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാനമായ സ്ഥിതിയിലുള്ളതും ബഹു. കോടതിയുടെ ഇടക്കാലവിധിയിൽ ഉൾപ്പെട്ടതുമായ പയ്യന്നൂർ കോ-ഓപ്പറേറ്റീവ് കോളേജ് (W.P (C) No. 32104/2024), ഇടുക്കി അൽഫോൺസാ കോളേജ് (W.P (C) No. 33927/2024) എന്നീ കോളേജികളിലെ മുഴുവൻ സീറ്റുകളും എൽ.ബി.എസ് വഴി അഡ്മിഷൻ നടത്താൻ സർക്കാർ യഥാക്രമം സ.ഉ (കൈ) നം. 348/2024/ആ.കു.വ തീയതി 20.11.2024, സ.ഉ (കൈ) നം. 346/2024/ആ.കു.വ തീയതി 19.11.2024 ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകൾക്ക് സമാനമായി INC suitability ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ലെറ്റർ ഓഫ് പെർമിഷൻ സ്ഥാപനത്തിന് അനുവദിക്കുകയുള്ളൂ എന്ന കർശന വ്യവസ്ഥയിലും W.P (C) No. 38991/2024 നമ്പർ കേസിലെ അന്തിമ വിധിക്ക് വിധേയമായും പത്തനംതിട്ട വടശ്ശേരിക്കര ശ്രീ അയ്യപ്പ നഴ്സിംഗ് കോളേജിലെ എല്ലാ ബി.എസ്.സി നേഴ്സിംഗ് സീറ്റുകളും അലോട്ട്മെന്റ് നടത്തുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു.കേരള ഹൈക്കോടതിയുടെ 18.11.2024 തീയതിയിലെ ഇടക്കാലവിധി ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
ചെയർമാൻ, പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, വടശ്ശേരിക്കര, പത്തനംതിട്ട.
എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Rajesh Kumar. C
Date: 23-11-2024 11:58:44
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.